(ഡി) അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ 2015 ഏപ്രിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

**കോതമംഗലം എം.എ. കോളേജിലെ ശ്രീ. സജിൻപോളിന്റെ അദ്ധ്യാപക നിയമനം**

9 (1045) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജിലെ കോമേഴ്സ് വിഭാഗത്തിലെ അദ്ധ്യാപകനായ ശ്രീ. സജിൻപോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻപോളിന്റെ നിയമനം, അംഗീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ. സജിൻ പോൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**അന്വേഷണം നേരിടുന്ന വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർമാർ**

10 (1046) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ നിയമനം ലഭിച്ച വൈസ് ചാൻസലർമാർ/പ്രോ-വൈസ് ചാൻസലർമാർ ആരെല്ലാം ; ഇവരിൽ വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെ വിവിധ അന്വേഷണങ്ങളെ നേരിടുന്നവർ ആരെല്ലാം ; ഏതെല്ലാം കാരണങ്ങൾക്ക് ; സർവ്വകലാശാലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly